LIBRARY ARCHIVES Kerala Legislative Assembly

സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ തീറ്റപ്പുൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വ്യാപകമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി പുരോഗമിച്ചുവരുന്നു.

ക്ഷീരഗ്രാമം പദ്ധതി

325 (4713) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണ നയിലുണ്ടോ?

നടപ്പുസാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കാമോ?

പരിശോധനകൾക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പാൽ പരിശോധന അധികാരങ്ങൾ

326 (4714) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പി.&എ.ആർ.ഡി. പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എഫ്.എസ്.എസ്.എ. നിയമപ്രകാരമുള്ള പാൽ പരിശോധന അധികാരം, വകുപ്പിന് നൽകാൻ പി.&എ.ആർ.ഡി. പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോ; ശിപാർശ നടപ്പിൽവരുത്തുന്നത് പരിഗണനയിലുണ്ടോ;

&

(സി) എഫ്.എസ്.എസ്.എ. നിയമപ്രകാരമുള്ള പാൽ പരിശോധന അധികാരങ്ങൾ ക്ഷീരവികസനവകുപ്പിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) ശിപാർശ ചെയ്തിട്ടുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കേന്ദ്ര നിയമമായതിനാൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ചുള്ള പരിശോധന നടത്തുന്നതിനും തുടർന്നുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിക്കും (FSSAI) സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കും കമ്മീഷണർ ഗസറ്റ് വിജ്ഞാപനംമൂലം അധികാരപ്പെടുത്തുന്ന ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ജില്ലാ ഓഫീസർ, ഭക്ഷ്യസുരക്ഷാ ഓഫീസർ, ഫുഡ് അനലിസ്റ്റ് എന്നിവരുടെ യോഗ്യത നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിനാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം അനുസരിച്ച് പരിശോധനകൾ നടത്തുന്നതിന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

സംസ്ഥാനത്തെ പ്രതിദിന പാൽ ഉത്പാദനവും ഉപഭോഗവും

327 (4715) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന പാൽ ഉത്പാദനവും ഉപഭോഗവും സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഒരു ദിവസത്തെ ശരാശരി പാൽ ഉപഭോഗം 87.5 ലക്ഷം ലിറ്റർ ആണ്. ഉല്പാദനം ഏകദേശം 81 ലക്ഷം ലിറ്ററാണ്.

(ബി) ഇതിലെ അന്തരം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ?

ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം പരിഹരിക്കാൻ ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ പ്രധാനം മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയാണ്. സർക്കാർ സബ്സിഡിയോടുകൂടി ഉരുക്കളെ

LIBRARY ARCHIVES Kerala Legislative Assembly